

# ഒരു ജലസേചന പദ്ധതിയെ കൊല്ലും വിധം

**ജി. കൃഷ്ണൻ**

കെ.എസ്.ഇ.ബിയും അവർക്കുവേണ്ടി പഠനം നടത്തിയ വാപ്കോസും ഒരേ സ്വരത്തിൽ പറയുന്നു, ചാലക്കുടി പുഴയിലെ നീരൊഴുക്കിന്റെ കുറവുകൊണ്ട്, വൈകുന്നേരത്തെ വർദ്ധിച്ച വൈദ്യുതി ഉപഭോഗപ്രശ്നം (പീക്ക് ലോഡ് ഫാക്ടർ) നേരിടും വിധമാണ് അതിരപ്പിള്ളി പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നതെന്ന്. എന്നാൽ ജലസേചനത്തിനും, കുടിവെള്ളത്തിനും പുഴയെ ഉപജീവിക്കുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഈ പീക്ക് ലോഡ് സ്റ്റേഷൻ സ്വഭാവമാണ്, പദ്ധതിയുടെ ഏറ്റവും വലിയ കെണി. പദ്ധതിയുടെ ഈ സ്വഭാവം ഡിസംബർ മുതൽ മേയ് വരെയുള്ള ആറുമാസങ്ങളിൽ കൂടുതൽ പ്രകടമാവുന്നു. ഈ കാലയളവിൽ 160 മെഗാവാട്ട് ഉല്പാദനശേഷിയുള്ള പ്രധാന പവർഹൗസുകളുടെ പ്രവർത്തനം വൈകുന്നേരം രണ്ടു മണിക്കൂറിൽ താഴെ മാത്രമായി ചുരുങ്ങും. അണക്കെട്ടിന്റെ റ്റോം-പവർഹൗസ് 24 മണിക്കൂർ പ്രവർത്തിക്കുമെന്നും പറയുന്നു.

എന്നാൽ കെ.എസ്.ഇ.ബിയും വാപ്കോസും ഒരു കാര്യം തുറന്നു സമ്മതിക്കുന്നു. ഈ ആറുമാസക്കാലം ഡാം റ്റോം പവർഹൗസിലൂടെ നിത്യേന പുറത്തേക്കുവിടുന്ന വെള്ളം, പുഴയിൽ ലഭ്യമാകുന്നതിന്റെ 37-38% മാത്രമായിരിക്കുമെന്ന്. ഇത് കൃത്യമായി സൂചിപ്പിക്കുന്നത്, ദിവസത്തിൽ 22 മണിക്കൂർ നേരത്തേക്ക് തുമ്പൂർമുഴിയിൽനിന്നും ഇടതു-വലതുകര കനാലുകൾക്ക് ലഭിക്കുന്ന വെള്ളം ഇപ്പോഴുള്ളതിനേക്കാൾ 62-63% കുറവായിരിക്കുമെന്നാണ്. അതായത് തുമ്പൂർമുഴിയിലെ വെള്ളത്തിന്റെ ലഭ്യത സെക്കന്റിൽ 6200 -7600 ലിറ്ററായി കുറയും. എന്നാൽ ചാലക്കുടിപ്പുഴ ജലസേചനത്തിന് അധികാരപ്പെടുത്തിയിട്ടുള്ള ചാലക്കുടി റിവർ ഡൈവർഷൻ സ്കീം അധികാരികളുടെ കണക്കനുസരിച്ച്, ഈ സ്കീമിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് സെക്കന്റിൽ ഏതാണ്ട് 20,000 മുതൽ 25,000 ലിറ്റർ വെള്ളം ആവശ്യമാണ്.

ഇപ്പോൾതന്നെ വെള്ളം കമ്മിയായ റിവർ ഡൈവർഷൻ സ്കീമിന് നിർദ്ദിഷ്ട അതിരപ്പിള്ളി പദ്ധതി മുഴുവനുമായി നശിപ്പിക്കും. അതുകൊണ്ട് അതിരപ്പിള്ളി പദ്ധതി ചാലക്കുടിപുഴയെ ആശ്രയിച്ചുള്ള ജലസേചന പദ്ധതിയെ പ്രതികൂലമായി ബാധിക്കില്ലെന്ന വാപ്കോസിന്റെ/വൈദ്യുതി ബോർഡിന്റെ വാദം വസ്തുതാപരമല്ലാത്തതും, പരിഹാസ്യവുമാണ്.

ഭാവിയിലുണ്ടാകാനിടയുള്ള ദുരിതപൂർണ്ണമായ അവസ്ഥയ്ക്ക് ആക്കംകൂട്ടുന്ന മറ്റൊരു വസ്തുത കൂടിയുണ്ട്. ഡിസംബർ മുതൽ മേയ് വരെയുള്ള മാസങ്ങളിൽ 160 മെഗാവാട്ട് ശേഷിയുള്ള പ്രധാന പവർഹൗസ് പ്രവർത്തിക്കുന്ന 6 മണിമുതൽ 8 മണിവരെയുള്ള പീക് സമയത്ത്, ദിവസേന ഒഴുകുന്നതിന്റെ 68-70% വരെ വെള്ളം രാത്രി 2-2½ മണിക്കൂർ നേരം കൊണ്ട് തുമ്പൂർമുഴിയിലേക്കെത്തും. ഇങ്ങനെ വന്നാൽ സെക്കന്റിൽ ഉദ്ദേശം 1,25,000 ലിറ്റർ വെള്ളമായിരിക്കും തുമ്പൂർമുഴിയിലെ തടയണയിൽ എത്തിച്ചേരുക തുമ്പൂർമുഴി പോലെ ചെറിയൊരു തടയണയ്ക്ക് ഇത്രയധികം വെള്ളം സ്വീകരിക്കുവാനും സംഭരിക്കുവാനുമുള്ള കഴിവില്ല. തന്മൂലം 80% വെള്ളം ഡാമിൽനിന്ന് കവിഞ്ഞൊഴുകുകയും ഡാം മുങ്ങിപ്പോകുകയും ചെയ്യും.

തുമ്പൂർമുഴി കൂടുതൽ വെള്ളം സംഭരിക്കുവാനുള്ള അണക്കെട്ടായിട്ടല്ല രൂപകല്പന ചെയ്തിട്ടുള്ളത്. ഇത് ഇടതു-വലതുകര കനാലുകളിലേക്ക് വെള്ളം തിരിച്ചുവിടാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. (ദയവായി എക്സിബിറ്റ് 1 കാണുക) ഇടതു-വലതുകര കനാലുകൾക്ക് സെക്കന്റിൽ പരമാവധി 25,000 ലിറ്റർ വെള്ളമേ സ്വീകരിക്കുവാൻ കഴിയൂ. ഇതോടൊപ്പം ചേർത്തിരിക്കുന്ന ഒന്നാംനമ്പർ പട്ടിക, പുഴയിൽ ജലസേചനത്തിനുവേണ്ടി ലഭ്യമായ വെള്ളത്തിന്റെ അളവിനെക്കുറിച്ച് കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. ജലസേചന പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് തുമ്പൂർമുഴിയിൽ ഒരു നിശ്ചിത അളവിൽ വെള്ളം തടസ്സം കൂടാതെ ഉണ്ടായിരിക്കണമെന്നാണ് സിആർഡിഎസ് ഉദ്യോഗസ്ഥന്മാർ പറയുന്നത്. എന്നാൽ വാപ്കോസ് നടത്തിയ പരിസ്ഥിതി ആഘാതപഠനം വെള്ളത്തിന്റെ ഈ വരവ്-പോക്ക് കണക്ക് കൂട്ടലുകളി (വാട്ടർ ബജറ്റിങ്ങ്)ലെ ഗുരുതരമായ വശം സൗകര്യപൂർവ്വം അവഗണിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ, അവരുടെ ബുദ്ധിവെച്ച് സിആർഡിഎസിൽ ലഭ്യമാവുന്ന വെള്ളത്തിന്റെ മാസത്തിലുള്ള വരവ്-പോക്ക് കണക്കുമാത്രം കാണിച്ചുകൊണ്ട് ഈ പ്രശ്നത്തെ സമർത്ഥമായി മറച്ചുപിടിച്ചിരിക്കുകയാണ്. (വാപ്കോസ് പരിസ്ഥിതി ആഘാത പഠനത്തിലെ പട്ടിക 4.11, പേജ് 4.37 കാണുക) വാപ്കോസ് ഉദ്യോഗസ്ഥരോടോ പ്രശ്നം സിആർഡിഎസ് വാട്ടർ അതോറിറ്റിയോടോ, പ്രാദേശിക പഞ്ചായത്തുകളോടെ, ജലസേചന പദ്ധതിയെ ആശ്രയിച്ചു കഴിയുന്ന കൃഷിക്കാരോടെ ഇക്കാര്യം ചർച്ച ചെയ്യാൻ മിനക്കെട്ടില്ല.

ഇന്നത്തെ അവസ്ഥയിൽ പോലും, നിർദ്ദിഷ്ട അതിരപ്പിള്ളി പദ്ധതിക്ക് 3 കിലോമീറ്റർ മുകളിൽ സ്ഥിതി ചെയ്യുന്ന

പെരിങ്ങൽകുത്ത് പവർഹൗസിലെ വൈദ്യുതി ഉല്പാദനത്തിന്റെ തോത് മാറുന്നതിനനുസരിച്ച്, തുമ്പൂർമുഴിയിൽ ലഭ്യമാകുന്ന വെള്ളത്തിന്റെ തോത് വ്യത്യാസപ്പെടുന്നുണ്ട്. അതിരപ്പിള്ളി പദ്ധതി പ്രാവർത്തികമാകുകയാണെങ്കിൽ, സംഭവിക്കാൻ പോകുന്നതിതാണ്. ഡിസംബർ മുതൽ മേയ് വരെയുള്ള സമയത്ത് 160 മെഗാവാട്ട് ശേഷിയുള്ള പവർഹൗസ്, വൈകുന്നേരം 2 മണിക്കൂർ നേരത്തേക്ക് മാത്രം പ്രവർത്തിക്കുന്ന തുമ്പൂർമുഴിയിൽ ദിവസേന കിട്ടുന്ന വെള്ളത്തിന്റെ അളവു വ്യത്യാസത്തിന്റെ പ്രശ്നത്തെ അധികരിപ്പിക്കും. ഈ സന്ദർഭത്തിൽ ഇതുമായി ബന്ധപ്പെട്ട ഒരുകാര്യം കൂടി ഈ വിശകലനത്തോടൊപ്പം ചേർക്കേണ്ടതാണ്. വെള്ളത്തിന്റെ ലഭ്യത സാധാരണ ഗതിയിലാണെങ്കിൽ, കനാലുകളുടെ വാലറ്റം വെള്ളമെത്തുവാൻ ഏതാണ്ട് 12 മുതൽ 16 മണിക്കൂർ വരെ സമയം ആവശ്യമാണ്. വ്യക്തമായ കാരണങ്ങളാൽ വാപ്ക്കോസും കെഎസ്ഇബിയും ഈ കുഴപ്പം പിടിച്ച സംഗതിയിലേക്ക് തിരിഞ്ഞുനോക്കാതിരിക്കാൻ ശ്രമിച്ചിട്ടുണ്ട്.

### സിആർഡിഎസ് നിലനിർത്തേണ്ടതിന്റെ ആവശ്യകത

1950ൽ പൂർത്തീകരിച്ച സിആർഡിഎസ് തൃശൂർ-എറണാകുളം ജില്ലകളിലുൾപ്പെടുന്ന ഏതാണ്ട് 25-ഓളം ഗ്രാമപഞ്ചായത്തുകളിലേയും 3 മുനിസിപ്പാലിറ്റികളിലേയും ജലസേചന-കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായിക്കുന്നു. തുമ്പൂർമുഴിയിലുള്ള ഒരു ഗ്രാവിറ്റി ടൈപ്പ് ഡൈവർഷനും, 188 കിലോമീറ്റർ വ്യാപിച്ചുകിടക്കുന്ന ഇടതുകര കനാലും 203 കി.മീ നീളത്തിൽ കിടക്കുന്ന വലതുകരകനാലും ഉൾപ്പെട്ടതാണ്. ഈ പദ്ധതി ഉപഭോഗം നടക്കുന്ന മുഴുവൻ പ്രദേശത്തിന് ഒരനുഗ്രഹമാണ് ഈ പദ്ധതിയെങ്കിലും, കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഇതിലൂടെ ഒഴുകുന്ന വെള്ളത്തിന്റെ തോത് അസ്വസ്ഥതയുളവാക്കും വിധം കുറഞ്ഞിട്ടുണ്ട്. ഇത് പ്രധാനമായും പറമ്പിക്കുളം-അളിയാർ കരാറിന്റെ ഭാഗമായി ചാലക്കുടിപ്പുഴയുടെ കൈവഴികൾക്കു കുറുകെയുള്ള 4 ഡാമുകളിൽ നിന്ന് വെള്ളം തമിഴ്നാട്ടിലേക്ക് തിരിച്ചുവിടുന്നതുകൊണ്ടാണ്. അതിലുപരി, വർഷക്കാലത്ത് ലഭിക്കുന്ന വെള്ളത്തിന്റെ നല്ലൊരളവ് ചാലക്കുടിപ്പുഴയിലെ പെരിങ്ങൽകുത്ത് ഡാമിൽനിന്ന്, 1992 ൽ നിർമ്മിതമായ കനാലുവഴി ഇടമലയാർ ഡാമിലേക്ക് തിരിച്ചുവിടുന്നതാണ്. ഇത്തരം വഴി തിരിച്ചുവിടലുകൾ സിആർഡിഎസിന്റെ പ്രവർത്തനത്തെ വലിയൊരളവിൽ താറുമാറാക്കിയിട്ടുണ്ട്. ഇക്കാര്യം ചെറിയൊരു വസ്തുതയിലൂടെ ഉദാഹരിക്കാം. ഇടതുകര കനാൽ നടപ്പിലാക്കുന്ന കാലത്ത് എറണാകുളം ജില്ലയിലെ അങ്കമാലിക്കടുത്തുള്ള കറുകുറ്റിയിലെ ശാഖാകനാലുകളിലൂടെ 10 മാസവും വെള്ളം സമൃദ്ധമായി ഒഴുകിയിരുന്നു. എന്നാലിപ്പോൾ വെള്ളത്തിന്റെ ലഭ്യത വർഷത്തിൽ 5-6 മാസമായി ചുരുങ്ങിയിരിക്കുകയാണ്. അതും രണ്ടാഴ്ച കാലത്ത് രണ്ടോ മൂന്നോ ദിവസമെന്ന കണക്കിനായി. നേരത്തെ (എക്സിബിറ്റ് 11-ൽ) സൂചിപ്പിച്ചതുപോലെ ദിവസേനയുള്ള വെള്ളമൊഴുക്കിലെ വ്യതിയാനം കൊണ്ട് അവസ്ഥ കൂടുതൽ ഗുരുതരമായിരിക്കുകയാണ്.

1950ൽ ഉണ്ടായിരുന്ന കനാൽ വെള്ളത്തിന്റെ ധാരാളിത്തം കുറുകുറ്റി പഞ്ചായത്ത് പോലുള്ള പദ്ധതിയെ ആശ്രയിക്കുന്ന പ്രദേശങ്ങളിൽ പല സുപ്രധാന പുരോഗതിയും കൊണ്ടുവന്നിട്ടുണ്ട്. മഴവെള്ളം മാത്രം ആശ്രയിച്ചു നടത്തിയിരുന്ന കൃഷി, വലിയ തോതിലുള്ള ജലസേചന രീതിക്ക് വഴിമാറി. ഇതുമൂലം വാഴ, നെല്ല്, കവുങ്ങ് തുടങ്ങിയ നാണ്യവിളകളുടെ വൻതോതിലുള്ള പുഞ്ച നെൽകൃഷി ഈ പ്രദേശങ്ങളിൽ വ്യാപകമായി ഉയർന്നിരുന്നു. എന്നാൽ അടുത്തിടെയായി കനാലിലൂടെ ലഭിക്കുന്ന വെള്ളത്തിന്റെ കുറവ് ഈ നാണ്യവിളകളുടെ ഉല്പാദനത്തിൽ കാര്യമായ ഇടിവ് വരുത്തിയിട്ടുണ്ട്. ഇത്തരമൊരവസ്ഥയിൽ ചാലക്കുടി പുഴയിലെ നീരൊഴുക്കിന് വീണ്ടുമെന്തെങ്കിലും തടസ്സമുണ്ടായാൽ, ഇത് നദീതട ഗ്രാമങ്ങളിലെ ജലസേചന സമ്പ്രദായത്തെ സാരമായി ബാധിക്കും. ഈ വെള്ളത്തെ ആശ്രയിച്ച് കൃഷി ചെയ്യുന്ന പഞ്ചായത്തുകളിലെ കൃഷിക്കാരെ വലയ്ക്കുകയും ചെയ്യും.

നിർദ്ദിഷ്ട അതിരപ്പിള്ളി പദ്ധതി, സിആർഡിഎസിന്റെ ഭാഗമായ ഏതാണ്ട് 390 കി.മീ നീളത്തിൽ തൃശൂർ-എറണാകുളം ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന കനാൽ സംവിധാനത്തിന്റെ പ്രവർത്തനത്തെയാകെ അപകടത്തിലാക്കും. ഇത് ഏതാണ്ട് 5 ലക്ഷം ജനങ്ങളുടെ ജീവിതത്തെയും 20,000 ഹെക്ടർ കൃഷിയേയും കുടിവെള്ളത്തിന്റെ ലഭ്യതയേയും അവതാളത്തിലാക്കും. ഇത് നമ്മുടെ കുടിവെള്ളം, കൃഷി, ജീവിതവ്യവസ്ഥ, ജീവിക്കുവാനുള്ള അവകാശം തുടങ്ങിയവയെ നശിപ്പിക്കുന്ന പദ്ധതിയാണ്. ഈ വിനാശകരമായ മുഖം വാപ്കോസിന്റേതായി വന്ന പരിസ്ഥിതി ആഘാത പഠനം പാടെ മൂടിവെച്ചിരിക്കുകയാണ്. ഇത്തരം സംഗതികളുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്താനുള്ള നിർദ്ദേശങ്ങൾ തള്ളിക്കളയുകയാണ് വേണ്ടത്.

(2006 ജൂൺ 15 ലെ പൊതു തെളിവെടുപ്പിൽ അവതരിപ്പിച്ചത്. സംഗ്രഹിത വിവർത്തനം: ഡോ. എം.എച്ച്. ഇല്യാസ്)

*ആഷിയാന, കറുകുറ്റി, എറണാകുളം*


**കേരളീയം**

**പ്ലാച്ചിമട പ്രത്യേക പതിപ്പ് പ്രതീക്ഷിക്കുക**

പ്ലാച്ചിമട രാഷ്ട്രീയ വിശകലനം, ചോദ്യാവലി, പ്ലാച്ചിമട പഠനരേഖകൾ, പ്ലാച്ചിമട സമരത്തിന്റെ ഭാവി, നിലപാടുകൾ, സർക്കാർ ഇടപെടലുകൾ,........

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

**P.G. Centre**

North Bus Stand, Thrissur-20. Ph : 2338983, 2331714

e-mail : trc_postgrad@sancharnet.in.